**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ് മിഷൻ - പദ്ധതി നിർവഹണം - ഉദ്യോഗസ്ഥ സംവിധാനം സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാരണ)നം.659/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01.03.2011.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1) 12.11.2010 ലെ സ.ഉ.(എം.എസ്) നം.262/2010/തസ്വഭവ
2) ഗ്രാമ വികസന കമ്മീഷണറുടെ 31.1.2011 ലെ 23220/ഡി.പി1/10/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ് മിഷൻ നിർവ്വഹണത്തിനായി ഗ്രാമ വികസന വകുപ്പിലെ ഒരു ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ, വനിതാ ശിശു പ്രോഗ്രാമുകളുടെ ചുമതലയുള്ള രണ്ട് സംസ്ഥാന കോ ഓർഡിനേററർമാർ എന്നിവരെ സംസ്ഥാന മിഷൻ തലത്തിലും, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ, അസിസ്റ്റന്റ് പ്രോഗ്രാം ആഫീസർമാർ (വനിതാ വികസനം), ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ വനിതാ ക്ഷേമ ആഫീസർമാർ എന്നിവരെ ജില്ലാ മിഷൻ തലത്തിലും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിന്യസിച്ചു ഉത്തരവായിരുന്നു. എന്നാൽ ടി ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ് എന്നിവയിൽ ഏത് വിഭാഗത്തിൽപ്പെടുത്തിയാണ് വിന്യസിക്കേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ട് ഉത്തരവുണ്ടാകണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരുടെ സേവനം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിന്യസിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എം.ഉണ്ണികൃഷ്ണൻ,**
**അഡീഷണൽ സെക്രട്ടറി.**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിററ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ ഓർഡിനേററർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈററിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ